# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് മുപ്പത്

## രാജാവിന്റെ ശുശ്രൂഷയുടെ വികാസം

## (2)

Tue മത്തായി 10-ലുള്ള കർത്താവിന്റെ വചനം അയയ്ക്കപ്പെട്ടവരോട് സംസാരിച്ച വചനമാണ്. 10:16—11:1-ൽ നിരവധി കാര്യങ്ങൾ ഉപരിതലത്തിലേക്ക് കൊണ്ടുവരപ്പെട്ടു. ഈ കാര്യങ്ങൾ കാണുന്നതിലൂടെ നാം ഇന്ന് ഏതു സാഹചര്യത്തിൽ ആയിരിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ പ്രാപ്തരായിരിക്കും.

## IV. ഉപദ്രവവും അതിനെ നേരിടാനുള്ള മാർഗവും

യെഹൂദമതത്തിൽനിന്നും തന്റെ അപ്പൊസ്തലന്മാരുടെമേൽ വരുന്ന ഉപദ്രവത്തെ 16-ഉം 17-ഉം വാക്യങ്ങളിൽ കർത്താവ് മുൻകൂട്ടിപ്പറഞ്ഞു. യെഹൂദമതത്താൽ തന്റെ അപ്പൊസ്തലന്മാർക്ക് വരുന്ന ഉപദ്രവത്തെ സംബന്ധിച്ച സ്വർഗീയ രാജാവിന്റെ പ്രവചനം സൂചിപ്പിക്കുന്നത് തന്റെ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിലൂടെ താൻ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന രാജ്യം യെഹൂദമതത്താൽ തിരസ്കരിക്കപ്പെടും എന്നാണ്. അവന്റെ രാജ്യം ഭൗമികമല്ല, സ്വർഗീയമാണെന്നും ഇത് തെളിയിക്കുന്നു.

### A. ചെന്നായ്ക്കളുടെ നടുവിലേക്ക് ആടുകളെപ്പോലെ അപ്പൊസ്തലന്മാർ അയയ്ക്കപ്പെട്ടു

വാക്യം 16 പറയുന്നു, "ഇതാ, ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ മധ്യേ ആടുകളെപ്പോലെ അയയ്ക്കുന്നു. ആകയാൽ നിങ്ങൾ പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവുകളെപ്പോലെ കളങ്കമില്ലാത്തവരും ആകുവിൻ." ചെന്നായ്ക്കളുടെ മധ്യത്തിലുള്ള ആടുകളായ കർത്താവിന്റെ അപ്പൊസ്തലന്മാർ സർപ്പങ്ങളല്ലെങ്കിലും, ചെന്നായ്ക്കളാൽ ക്ഷതമേൽക്കാതിരിക്കുവാൻ പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരായിരിക്കുകയും, എന്നാൽ മറ്റുള്ളവരെ ക്ഷതമേല്പിക്കാതിരിക്കുവാൻ പ്രാവുകളെപ്പോലെ കളങ്കമില്ലാത്തവരായിരിക്കുകയും വേണം.

## B. സൻഹെദ്രിനുകളിൽ ഏല്പിക്കുകയും സിനഗോഗുകളിൽ ചമ്മട്ടികൊണ്ട് അടിക്കുകയും ചെയ്യുന്നു

സർവലോകവും ശത്രുവിന്റെ അപഹരിക്കുന്ന കൈക്കീഴിലാണെന്നും, അങ്ങനെ ദൈവത്തിന്റെ വ്യവസ്ഥയെ എതിർക്കുന്നുവെന്നും കർത്താവിന്റെ വാക്ക് വെളിപ്പെടുത്തുന്നു. മുഴുവൻ ലോകവും, അത് യെഹൂദ്യ ലോകമോ ജാതീയ ലോകമോ ആകട്ടെ, ദൈവത്തിന്റെ രാജ്യത്തെ എതിർക്കുന്നു. വാക്യം 17 പറയുന്നു, "മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ, എന്തെന്നാൽ അവർ നിങ്ങളെ സൻഹെദ്രിനുകളിൽ ഏല്പിക്കുകയും തങ്ങളുടെ സിനഗോഗുകളിൽ നിങ്ങളെ ചമ്മട്ടികൊണ്ട് അടിക്കുകയും ചെയ്യും." യെഹൂദ രാഷ്ട്രംപോലും ദൈവത്തിന്റെ ശത്രുവിനാൽ പൂർണമായി എടുക്കപ്പെട്ടിരിക്കുന്നുവെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ ഈ രാഷ്ട്രം പേരിൽ ദൈവത്തിനു സ്വന്തമായിരുന്നു, എന്നാൽ വാസ്തവമായും അല്ലായിരുന്നു. അതുകൊണ്ട്, വാക്യം 17-ൽ സൻഹെദ്രിനിൽനിന്നും സിനഗോഗുകളിൽനിന്നും വരുന്ന ഉപദ്രവത്തെക്കുറിച്ച് കർത്താവ് സംസാരിച്ചു. യിസ്രായേൽമക്കളുടെ ഇടയിലെ ഏറ്റവും ഉന്നതമായ ആലോചനാസമിതിയായിരുന്നു സൻഹെദ്രിൻ. യെഹൂദന്മാർ പഴയനിയമത്തിന്റെ ന്യായപ്രമാണത്തെ അനുസരിക്കുന്നുവോ എന്നു കാണുന്നതായിരുന്നു സൻഹെദ്രിന്റെ പ്രവർത്തനം. യിസ്രായേൽമക്കൾക്ക് ദൈവവചനം പഠിപ്പിച്ചിരുന്ന സ്ഥലമായിരുന്നു സിനഗോഗ്. സൻഹെദ്രിനും സിനഗോഗുകളും ദൈവത്തിന്റെ വ്യവസ്ഥയെ എതിർത്തിരുന്നതായി കർത്താവു തുറന്നുകാണിച്ചത് വളരെ പ്രാധാന്യമർഹിക്കുന്നു, തന്റെ അയയ്ക്കപ്പെട്ടവരായ, തന്റെ അപ്പൊസ്തലന്മാർ സൻഹെദ്രിനുകൾക്കും സിനഗോഗുകൾക്കും ഏല്പിക്കപ്പെടുമെന്ന് അവൻ പറഞ്ഞു. ഒരു സിനഗോഗ് തീർച്ചയായും ഒരു സിനിമാ തീയേറ്ററോ, ഒരു ചൂതാട്ടസ്ഥലമോ, ഒരു വിഗ്രഹക്ഷേത്രമോ അല്ല. ഒരു അർഥത്തിൽ അത് ഒരു വിശുദ്ധസ്ഥലം, ദൈവജനത്തിന് ദൈവവചനം പഠിപ്പിച്ചിരുന്ന ഒരു സ്ഥലം ആയിരുന്നു. എന്നിരുന്നാലും, സ്വർഗത്തിലെ രാജാവിന്റെ അപ്പൊസ്തലന്മാരെ സിനഗോഗുകളിൽപോലും ചമ്മട്ടികൊണ്ട് അടിക്കുമെന്ന് കർത്താവു പറഞ്ഞു. സിനഗോഗ് എന്തൊരു ദുഷ്ടകാര്യമായിത്തീർന്നുവെന്ന് ഇതിലൂടെ നാം കാണുന്നു. യെഹൂദന്മാർ ദൈവവചനം പഠിക്കുവാൻ അവിടെ പോയിരുന്നുവെങ്കിലും, സിനഗോഗുകളിലുള്ളവർ സ്വർഗീയ രാജാവിന്റെ അപ്പൊസ്തലന്മാരെ ഉപദ്രവിച്ചു. കൂടാതെ, തിരുവെഴുത്തുകൾ പാലിക്കുന്ന കാര്യത്തിൽ യിസ്രായേൽമക്കളെ മേൽനോട്ടം വഹിക്കുകയെന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിക്കപ്പെട്ട സൻഹെദ്രിൻ സ്വർഗീയ രാജാവിന്റെ അപ്പൊസ്തലന്മാരെ എതിർത്തിരുന്ന ഒരു സ്ഥലവുമായിരുന്നു.

ഇന്നും സാഹചര്യം അങ്ങനെ തന്നെയാണ്. പുരാതന സൻഹെദ്രിനും സിനഗോഗുകളും രാജാവിന്റെ അയയ്ക്കപ്പെട്ടവരെ എതിർത്തുവെങ്കിൽ, ഇന്നത്തെ മതത്തിന്റെ സമ്പ്രദായത്തെക്കുറിച്ചെങ്ങനെയാണ്? നാം വാസ്തവമായി സ്വർഗീയ രാജാവിനാൽ അയയ്ക്കപ്പെട്ടവരാണെങ്കിൽ, യെഹൂദമതത്താൽ അപ്പൊസ്തലന്മാർ എതിർക്കപ്പെട്ടതുപോലെ ഇന്നത്തെ മതപരമായ സംഘടനകളാൽ നാമും എതിർക്കപ്പെടും. പുരാതന കാലങ്ങളിൽ ജാതികളാലല്ല പ്രാഥമികമായും അപ്പൊസ്തലന്മാർ ഉപദ്രവിക്കപ്പെട്ടിരുന്നത്, പിന്നെയോ സൻഹെദ്രിനിലും സിനഗോഗുകളിലുമുള്ള വിശുദ്ധജനമെന്നു വിളിക്കപ്പെട്ടവരാലായിരുന്നു. വർഷങ്ങളായുള്ള നമ്മുടെ അനുഭവത്തിൽ, മിക്കവാറും ഉപദ്രവവും, കിംവദന്തികളും, എതിർപ്പും, ആക്രമണവുമെല്ലാം വന്നത് ജാതികളിൽനിന്നല്ല, മതപരമായ സംഘടനകളിൽ നിന്നായിരുന്നു.

വാക്യം 16 അനുസരിച്ച്, തന്റെ അപ്പൊസ്തലന്മാരെ "ചെന്നായ്ക്കളുടെ മധ്യേ ആടുകളെപ്പോലെ" അയയ്ക്കുകയായിരുന്നു എന്നു പറഞ്ഞുകൊണ്ട് സൻഹെദ്രിനിലും സിനഗോഗുകളിലുമുള്ളവരെ കർത്താവായ യേശു ചെന്നായ്ക്കളോട് ഉപമിച്ചു. ദൈവവചനം വ്യാഖ്യാനിച്ചുകൊടുക്കുകയും പഠിപ്പിക്കുകയും, അത് അനുസരിക്കുവാൻ മറ്റുള്ളവരെ പ്രബോധിപ്പിക്കുകയും ചെയ്യുവരായ സൻഹെദ്രിനിലും സിനഗോഗുകളിലുമുള്ളവർ ചെന്നായ്ക്കളായിരുന്നുവെന്ന് വിശ്വസിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? കർത്താവായ യേശുതന്നെ ഇത് പറഞ്ഞിരുന്നില്ലെങ്കിൽ ഞാൻ നിശ്ചയമായും വിശ്വസിക്കുകയില്ലായിരുന്നു. മറിച്ച്, ഞാൻ പറയും, "സൻഹെദ്രിനിലും സിനഗോഗുകളിലുമുള്ളവർ ചില തെറ്റുകൾ വരുത്തിയേക്കാം, എന്നാൽ അവർ നിശ്ചയമായും ദൈവത്തിന്റെ ജനമാണ്; കാരണം ദിവസവും അവർ തിരുവെഴുത്തുകളെക്കുറിച്ച് പറയുകയും, ദൈവത്തെ ഭയപ്പെടുവാനും, ദൈവത്തെ ആരാധിക്കുവാനും, ദൈവത്തെ ബഹുമാനിക്കുവാനും, ദൈവത്തെ മഹത്വപ്പെടുത്തുവാനും ജനത്തെ ഉപദേശിക്കുന്നു. അവർ അത്ര മോശക്കാരല്ല. അവർ ചെന്നായ്ക്കളാണെന്ന് നിനക്കെങ്ങനെ പറയുവാൻ കഴിയും?" എന്നാൽ കർത്താവായ യേശു അവരെ ചെന്നായ്ക്കൾ എന്നു വിളിച്ചു. ആ സമയത്ത്, വാക്യം 16-ൽ പറഞ്ഞിരിക്കുന്ന ചെന്നായ്ക്കൾ വാക്യം 17-ൽ പറഞ്ഞിരിക്കുന്ന സൻഹെദ്രിനിലും സിനഗോഗുകളിലും ഉള്ളവരായിരുന്നു.

ഒരു ശ്രേഷ്ഠനായ വേദാദ്ധ്യാപകനും "സകല ജനത്താലും ആദരിക്കപ്പെട്ട ന്യായപ്രമാണത്തിന്റെ ഉപദേഷ്ടാവും" ആയിരുന്ന ഗമാലിയേലിന്റെ കാൽക്കലിരുന്ന് തർസൊസിലെ ശൗൽ പഠിച്ചു (പ്രവൃ. 22:3; 5:34). ഗമാലിയേൽ സൻഹെദ്രിനിലെ നേതാക്കന്മാരിൽ ഒരുവനായിരുന്നു. ഗമാലിയേൽ ദൈവത്തിനു വേണ്ടിയുള്ളവനായിരുന്നോ? അതെ, അവൻ ദൈവത്തിനു വേണ്ടിയുള്ളവനായിരുന്നു.

അവൻ ദൈവത്തെ ഭയപ്പെടുകയും, ദൈവത്തിനു വേണ്ടിയുള്ളവനും ആയിരുന്നു, എന്നാൽ അവൻ ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് തികച്ചും എതിരായിരുന്ന ഒരു പരിതസ്ഥിതിയിലായിരുന്നു. അവൻ ദൈവത്തെ എതിർത്തിരുന്ന സൻഹെദ്രിൻ എന്ന ഒരു വ്യവസ്ഥിതിയുടെ ഭാഗമായിരുന്നു. ഇന്നയോളം നൂറ്റാണ്ടുകളായി ഇതു തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ചിലർ എത്രത്തോളം ദൈവത്തിനുവേണ്ടി ആയിരുന്നെങ്കിലും, അവർ ദൈവത്തിന്റെ വ്യവസ്ഥയ്ക്കെതിരായ ഒരു വ്യവസ്ഥിതിയിൽ, ഒരു സംഘടനയിലാണ്. വെളിപ്പാട് 2:9-ലും 3:9-ലും "സാത്താന്റെ സിനഗോഗിനെ"ക്കുറിച്ച് കർത്താവായ യേശു സംസാരിച്ചു. സിനഗോഗുകളിൽ ചെന്നായ്ക്കൾ ഉണ്ടായിരുന്നുവെന്ന് മത്തായി 10-ൽ കർത്താവ് ചൂണ്ടിക്കാണിക്കുകയും, വെളിപ്പാടിൽ സാത്താന്റെ സിനഗോഗിനെക്കുറിച്ച് അവൻ സംസാരിക്കുകയും ചെയ്തു. സിനഗോഗുകൾ സാത്താന്യമായിത്തീർന്നിരുന്നുവെന്ന് ഇതു സൂചിപ്പിച്ചു.

കർത്താവായ യേശു ഒന്നാമതായി ജാതീയ ലോകത്തിലേക്കല്ല വന്നത്. ദൈവത്തിന്റെ വിശുദ്ധ ജനമായിരിക്കണമായിരുന്ന ഒരു രാഷ്ട്രത്തിലേക്ക് അവൻ വന്നു. ഈ രാഷ്ട്രത്തിന് വിശുദ്ധ തിരുവെഴുത്തുകളും, വിശുദ്ധ നഗരവും, വിശുദ്ധ ആലയവും, വിശുദ്ധ പുരോഹിതവർഗവും, വിശുദ്ധ യാഗങ്ങളും ഉണ്ടായിരുന്നു. സ്വർഗരാജ്യം സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടെ അവൻ ഈ രാഷ്ട്രത്തിലേക്കു വന്നു. യാതൊരു വിധത്തിലുള്ള പ്രയാസവും ഉണ്ടാകുവാൻ പാടില്ലായിരുന്നു എന്നു തോന്നിയേക്കാം. എന്നാൽ ഈ സ്വർഗീയ രാജാവ് തന്റെ ശുശ്രൂഷയുടെ വ്യാപനത്തിനുവേണ്ടി തന്റെ അപ്പൊസ്തലന്മാരെ അയച്ചപ്പോൾ ചെന്നായ്ക്കളുടെ നടുവിൽ ആടുകളെപ്പോലെ അവരെ അയയ്ക്കുന്നുവെന്ന് അവൻ അവർക്ക് മുന്നറിയിപ്പു നൽകി. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "വിശുദ്ധ തിരുവെഴുത്തുകൾക്കുവേണ്ടി കരുതുന്നവരായ സൻഹെദ്രിനിലുള്ളവർ നിങ്ങളെ ഉപദ്രവിക്കുകയും, ദൈവവചനം പഠിപ്പിക്കുന്നവരായ സിനഗോഗിലുള്ളവർ നിങ്ങളെ ചമ്മട്ടികൊണ്ട് അടിക്കുകയും ചെയ്യും. സൂക്ഷിച്ചുകൊള്ളുക! അവർ ദൈവത്തിന്റെ വിശുദ്ധ ജനമല്ല—അവർ ചെന്നായ്ക്കളാണ്. അവർ ദൈവത്തിനു വേണ്ടിയുള്ളവരല്ല; അവർ അവനെതിരാണ്."നിങ്ങൾ സ്വർഗീയ രാജാവിനാൽ അയയ്ക്കപ്പെട്ട യെഹൂദന്മാരോടുകൂടെ ഉണ്ടായിരുന്നുവെന്നും, സൻഹെദ്രിനിലും സിനഗോഗുകളിലുമുള്ളവർ ചെന്നായ്ക്കളായിരുന്നുവെന്ന് കേൾക്കുകയും ചെയ്യുന്നുവെന്ന് സങ്കല്പിക്കുക. നിങ്ങൾ ഞെട്ടിപ്പോകുമായിരുന്നില്ലേ? എന്നിരുന്നാലും, ഇതു തന്നെയാണ് കർത്താവായ യേശു ഇവിടെ പറഞ്ഞിരുന്നത്. റോമാ സൈന്യത്തിലുള്ള പടയാളികൾ ചെന്നായ്ക്കളാണെന്നല്ല, മറിച്ച്, സൻഹെദ്രിനലും സിനഗോഗുകളിലുമുള്ളവർ, ദൈവവചനം കൈകാര്യം ചെയ്യുകയും ദൈവത്തിന്റെ ജനത്തെ അതു

പഠിപ്പിക്കുകയും ചെയ്യുന്നവർ, ചെന്നായ്ക്കളാണെന്ന് കർത്താവു പറഞ്ഞു. നൂറ്റാണ്ടുകളിലുടനീളം സാഹചര്യം തത്ത്വത്തിൽ ഇങ്ങനെ തന്നെയായിരുന്നു.

9:36-ൽ കർത്താവ് ജനത്തെ ആടുകളോട് ഉപമിച്ചു. യിസ്രായേൽമക്കളുടെ ഇടയിൽ ആടുകളും ചെന്നായ്ക്കളും എന്ന ഇരുകൂട്ടരും ഉണ്ടായിരുന്നു. ഈ ചെന്നായ്ക്കൾ സൻഹെദ്രിനിലും സിനഗോഗുകളിലുമായിരുന്നു ഉണ്ടായിരുന്നത്. അവർ സംസ്കാരമുള്ള ചെന്നായ്ക്കൾ, പരിഷ്കൃതരായ ചെന്നായ്ക്കൾ, മതപരമായ ചെന്നായ്ക്കൾ ആയിരുന്നു. ആ ചെന്നായ്ക്കൾ വേദപുസ്തകം നന്നായി അറിഞ്ഞിരുന്നു. അവർക്ക് വാക്യങ്ങൾ ഉദ്ധരിക്കുവാനും തിരുവെഴുത്തുകളിൻപ്രകാരം ദൈവത്തെ ആരാധിക്കുവനും കഴിഞ്ഞിരുന്നെങ്കിലും, കർത്താവായ യേശു അവരെ ആടുകളായല്ല, ചെന്നായ്ക്കളായത്രേ പരിഗണിച്ചത്. അതുകൊണ്ട്, മത്തായി 10-ന്റെ സമയത്ത്, യിസ്രായേൽമക്കളുടെ ഇടയിൽ ഒരു സങ്കീർണ്ണമായ സാഹചര്യം ഉണ്ടായിരുന്നു, കാരണം ആടുകളും ചെന്നായ്ക്കളും ഒരുമിച്ച് കലർന്നിരുന്നു. ആടുകൾ ചെന്നായ്ക്കളോടു ചേർന്നുപോയിരുന്നിടത്തോളം പ്രശ്നമൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ, ഇടയൻ വരുകയും ആടുകളെ ശേഖരിക്കുവാൻ ഉപ-ഇടയന്മാരെ അയയ്ക്കുകയും ചെയ്തു. ഈ അധ്യായങ്ങൾ നാം ശ്രദ്ധാപൂർവം വായിക്കുമെങ്കിൽ, ആടുകളെ ശേഖരിക്കുന്നത് വിളവ് കൊയ്തെടുക്കുന്നതാണെന്ന് നാം കാണും. എല്ലാ ആടുകളും, അഥവാ കൊയ്ത്തും ചെന്നായ്ക്കളുടെ ഇടയിൽ ചിതറിയും ചെന്നായ്ക്കളോടുകൂടെ കലർന്നും കിടക്കുന്നു. ആടുകൾ ഇടയനാൽ അയയ്ക്കപ്പെട്ട ഉപ-ഇടയന്മാരോടുകൂടെ പോകുവാൻ ആഗ്രഹിച്ചപ്പോൾ ചെന്നായ്ക്കൾ എഴുന്നേറ്റു പറയും, "എന്ത്! നിങ്ങൾ മതപരിവർത്തനം നടത്തുന്നു. നിങ്ങൾ ആടുകളെ ഇളക്കിവിടുന്നു!" ഈ രീതിയിൽ ചെന്നായ് സ്വഭാവം വെളിപ്പെടുകയും ചെന്നായ്ക്കൾ ഉപ-ഇടയന്മാരെ ആക്രമിക്കുകയും ചെയ്യുന്നു. തന്മൂലം, ചെന്നായ്ക്കളുടെ നടുവിലുള്ള ആടുകളെപ്പോലെ, തന്റെ അയയ്ക്കപ്പെട്ടവർ പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിരിക്കണമെന്ന് കർത്താവ് പറഞ്ഞു. ചെന്നായ്ക്കൾ ആക്രമിക്കുമ്പോൾ, അയയ്ക്കപ്പെട്ടവർ രക്ഷപ്പെടുന്നതിന് പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരായിരിക്കണം. അതേസമയം, അവർ പ്രാവുകളെപ്പോലെ നിരുപദ്രവരായിരിക്കുകയും വേണം.

## Wed C. സ്വർഗീയ രാജാവു നിമിത്തം ഒരു സാക്ഷ്യത്തിനായി ഭരണാധികാരികളുടെയും രാജാവിന്റെയും മുമ്പിൽ കൊണ്ടുവരപ്പെടുന്നു

വാക്യം 18 പറയുന്നു, "എന്റെ നിമിത്തം നിങ്ങളെ ഭരണാധികാരികൾക്കും രാജാക്കന്മാർക്കും മുമ്പിൽ അവർക്കും

ജാതികൾക്കും ഒരു സാക്ഷ്യത്തിനായി കൊണ്ടുവരും." ഇത് ജാതികളെ പരാമർശിക്കുന്നു എന്നതിന് സംശയമില്ല. അങ്ങനെ, യെഹൂദ മതപരമായ ലോകത്താൽ മാത്രമല്ല, ജാതീയ മതേതരമായ ലോകത്താലും ദൈവത്തിന്റെ രാജ്യം എതിർക്കപ്പെടുമെന്ന് കർത്താവ് സൂചിപ്പിച്ചു. ഒടുവിൽ, അപ്പൊസ്തലന്മാർ റോമാ ഭരണാധികാരികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ കൊണ്ടുവരപ്പെട്ടു. അവർ ഉപദ്രവിക്കപ്പെടുകയും, അവർ ഒരു സാക്ഷ്യമായിത്തീരുകയും ചെയ്തു. സ്വർഗരാജ്യത്തെ എതിർക്കുന്നതിൽ മതപരമായ ലോകവും രാഷ്ട്രപരമായ ലോകവും ഒരുപോലെയാണെന്ന് ഇത് വെളിപ്പെടുത്തുന്നു: കാരണം രണ്ടും ദൈവത്തിന്റെ ശത്രുവിന്റെ അപഹരിക്കുന്ന കൈക്കീഴിലാണ്. സ്വർഗീയ രാജാവിന്റെ ഉദ്ദേശ്യം ഭൂമിയിൽ മതത്തിന്റെയും രാഷ്ട്രതന്ത്രത്തിന്റെയും മേഖലയ്ക്കുള്ളിൽ തന്റെ രാജ്യം സ്ഥാപിക്കുക എന്നതാണ്. ഇത് നിശ്ചയമായും എതിർപ്പിനെയും ഉപദ്രവത്തെയും ഉണർത്തും.

19-ഉം 20-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "എന്നാൽ അവർ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങനെ, അല്ലെങ്കിൽ എന്തു സംസാരിക്കും എന്നു വിചാരപ്പെടേണ്ട, എന്തെന്നാൽ നിങ്ങൾ എന്തു സംസാരിക്കണം എന്നത് ആ നാഴികയിൽ നിങ്ങൾക്കു നൽകപ്പെടും. എന്തെന്നാൽ സംസാരിക്കുന്നവർ നിങ്ങളല്ല, നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ നിങ്ങളിൽ സംസാരിക്കുന്നവൻ." അപ്പൊസ്തലന്മാർക്ക് സ്വർഗീയ രാജാവിന്റെ അധികാരം മാത്രമല്ല (വാ. 1), അവരുടെ സ്വർഗീയ പിതാവിന്റെ ആത്മാവും ഉണ്ട്. രാജാവിന്റെ അധികാരം അശുദ്ധാത്മാക്കളോടും രോഗങ്ങളോടും ഇടപെടുന്നു; പിതാവിന്റെ ആത്മാവ് എതിർക്കുന്നവരുടെ ഉപദ്രവത്തോട് ഇടപെടുന്നു. ഉപദ്രവം നേരിടുമ്പോഴെല്ലാം തങ്ങളിൽനിന്നുതന്നെ സംസാരിക്കരുതെന്ന് കർത്താവ് തന്റെ അയയ്ക്കപ്പെട്ടവരോട് ആജ്ഞാപിക്കുകയായിരുന്നു. "വിചാരപ്പെടുകയും നിങ്ങളിൽനിന്നുതന്നെ സംസാരിക്കുകയും അരുത്. നിങ്ങളുടെ പിതാവിന്റെ ആത്മാവ് നിങ്ങളോടുകൂടെ ഉണ്ട്" എന്ന് അവൻ പറഞ്ഞതായി തോന്നുന്നു. കർത്താവിന്റെ ആത്മാവ് നമുക്ക് ഉള്ളിടത്തോളം നമുക്ക് കർത്താവിന്റെ സാന്നിധ്യമുണ്ട്. ഇവിടെ കർത്താവിന്റെ സാന്നിധ്യം സംസാരിക്കുന്നതിനുള്ള ആത്മാവാണ്. ഉപദ്രവത്തെ നമ്മിൽത്തന്നെ അഭിമുഖീകരിക്കുവാനല്ല, നമ്മുടെ ആത്മാവിലേക്ക് തിരിയുവാനും ഉൾവസിക്കുന്ന ആത്മാവിൽ ആശ്രയിക്കുവാനും നാം പഠിക്കണം. പിതാവിന്റെ ആത്മാവ് നമ്മോടുകൂടെ ഉണ്ടെന്നും, എതിർക്കുന്നവരോടും ഉപദ്രവിക്കുന്നവരോടും അവൻ ഇടപെടുമെന്നും നാം വിശ്വസിക്കണം. ഇത് പഠിക്കുവാൻ എളുപ്പമുള്ള ഒരു കാര്യമല്ല. നമ്മിലേക്കു തന്നെയല്ല, മറിച്ച് ദൈവാത്മാവു വസിക്കുന്നിടമായ നമ്മുടെ

ആത്മാവിലേക്കു തിരിഞ്ഞുകൊണ്ട് നാം എതിർപ്പിനെ അഭിമുഖീകരിക്കുകയും ആക്രമണത്തെ നേരിടുകയും വേണം. നാം അവനിൽ ആശ്രയിക്കുകയും, നമ്മെ നയിക്കുവാൻ അവനെ അനുവദിക്കുകയും, അവനെ സംസാരിക്കുവാൻ അനുവദിക്കുകയും വേണം.

## D. ബന്ധുക്കളാൽ വെറുക്കപ്പെടുന്നു

തങ്ങളുടെ ബന്ധുക്കളാൽ അവർ വെറുക്കപ്പെടുമെന്നും കർത്താവ് തന്റെ അയയ്ക്കപ്പെട്ടവരോടു പറഞ്ഞു. വാക്യം 21 പറയുന്നു, "സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന് ഏല്പിക്കും; മക്കൾ അമ്മയപ്പന്മാർക്ക് എതിരെ എഴുന്നേറ്റ് അവരെ കൊല്ലും." രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടിയുള്ള സ്വർഗീയ രാജാവിന്റെ അപ്പൊസ്തലന്മാരായിരിക്കുന്നതിന്, അയയ്ക്കപ്പെട്ടവർ ഏറ്റവും അടുത്ത മാനുഷിക ബന്ധങ്ങളുടെ തകർച്ച സഹിക്കണം.

വാക്യം 22-ൽ കർത്താവ് തുടർന്നു പറയുന്നു, "എന്റെ നാമം നിമിത്തം എല്ലാവരാലും നിങ്ങൾ വെറുക്കപ്പെടും; എന്നാൽ അവസാനത്തോളം സഹിച്ചുനിന്നവനോ, ഇവൻ രക്ഷിക്കപ്പെടും." ഇവിടെ രക്ഷിക്കപ്പെടുന്നത് നരകത്തിൽനിന്നും രക്ഷിക്കപ്പെടുന്നതിനെയല്ല അർഥമാക്കുന്നത്. അതിൽ നമ്മെ വെറുക്കുന്നവരിൽനിന്നും രക്ഷിക്കപ്പെടുന്നത് ഉൾപ്പെടുന്നുണ്ടാകാം, എന്നാൽ ആത്യന്തികമായി ഇത് അർഥമാക്കുന്നത് ജയാളികളായ വിശ്വാസികൾക്കുള്ള പ്രതിഫലമായ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് രക്ഷിക്കപ്പെടുന്നതിനെയാണ്. ഇത് സഹസ്രാബ്ദകാലത്തുള്ള യുഗപരമായ ശിക്ഷയിൽനിന്നും രക്ഷിക്കപ്പെടുന്നതാണ്. ഇത് എഫെസ്യർ 2:8-ൽ വെളിപ്പെടുത്തിയിരിക്കുന്ന നിത്യരക്ഷയിൽനിന്നും വ്യത്യസ്തമാണ്.

## E. പട്ടണത്തിൽനിന്നും പട്ടണത്തിലേക്ക് ഓടിപ്പോകുന്നു

വാക്യം 23 പറയുന്നു, "ഈ പട്ടണത്തിൽ അവർ നിങ്ങളെ ഉപദ്രവിക്കുമ്പോൾ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ. മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രായേലിലെ പട്ടണങ്ങൾ ഒരുവിധത്തിലും പൂർത്തിയാക്കുകയില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." ഈ വാക്ക് ക്രിസ്തുവിന്റെ ക്രൂശുമരണത്തിനു മുമ്പുള്ള പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പ്രസംഗത്താൽ നിറവേറിയില്ല. മഹോപദ്രവ കാലത്തോളം ഇത് നിറവേറുകയുമില്ല (24:21). 17 മുതൽ 23 വരെയുള്ള വാക്യങ്ങളിൽ മുൻകൂട്ടിപ്പറഞ്ഞത് 24:9-13-നോട് വളരെ സമാനമാണ്. ഇവിടെ യെഹൂദന്മാരോട് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ സ്വർഗീയ രാജാവ് അപ്പൊസ്തലന്മാരെ അയച്ചു. തന്റെ പുനരുത്ഥാനത്തിനുശേഷം,

ജാതികളോട് സുവിശേഷം പ്രസംഗിക്കുവാൻ അവൻ തന്റെ അപ്പൊസ്തലന്മാരെ അയച്ചു. ജാതികളുടെ രക്ഷയുടെ പൂർണ്ണതയ്ക്കുശേഷം യെഹൂദന്മാരോട് പിന്നെയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ അവൻ തന്റെ അപ്പൊസ്തലന്മാരെ അയയ്ക്കും. ആ സമയം ഈ വാക്ക് നിറവേറുകയും അവൻ വരുകയും ചെയ്യും.

## F. അവരുടെ ഗുരുവിനു മീതെയല്ല

വാക്യം 24-ൽ തന്റെ അയയ്ക്കപ്പെട്ടവരോട് രാജാവു പറഞ്ഞു, "ശിഷ്യൻ ഗുരുവിനു മീതെയല്ല; അടിമ തന്റെ യജമാനനു മീതെയുമല്ല." സന്ദർഭമനുസരിച്ച് ഇവിടെ ഈ വാക്ക് അർഥമാക്കുന്നത്, കർത്താവിനുണ്ടായ ഉപദ്രവം അങ്ങേയറ്റത്തേതായിരുന്നതുകൊണ്ട്, ഉപദ്രവം സഹിക്കുന്നതിൽ അപ്പൊസ്തലന്മാർക്ക് അവനു മീതെയായിരിക്കുവാൻ കഴിയുകയില്ലെന്നാണ്.

വാക്യം 25 പറയുന്നു, "തന്റെ ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനും, തന്റെ യജമാനനെപ്പോലെയാകുന്നത് അടിമയ്ക്കും മതി. വീട്ടുടയവനെ അവർ ബെയെത്സെബൂൽ എന്നു വിളിച്ചുവെങ്കിൽ അവന്റെ വീട്ടുകാരെ എത്രയധികം!" എക്രോന്യരുടെ ദേവന്റെ പേരായ ബെയെത്സെബൂബ് അർഥമാക്കുന്നത് "ഈച്ചകളുടെ പ്രഭു" എന്നാണ് (2 രാജാ. 1:2). ഇതിനെ യെഹൂദന്മാർ അവജ്ഞയോടെ *കുപ്പക്കുന്നിന്റെ പ്രഭു* എന്നർഥമുള്ളതും *ഭൂതങ്ങളുടെ അധിപൻ* എന്നതിന് ഉപയോഗിക്കുകയും ചെയ്ത ബെയെത്സെബൂൽ എന്നു മാറ്റി (12:24, 27; മർക്കൊ. 3:22; ലൂക്കൊ. 11:15, 18-19). യെഹൂദമതത്തിന്റെ നേതാക്കന്മാരായ പരീശന്മാർ, ഭൂതങ്ങളുടെ അധിപനാൽ അവൻ ഭൂതങ്ങളെ പുറത്താക്കി എന്നു പറഞ്ഞുകൊണ്ട് സ്വർഗീയ രാജാവിനെ അധിക്ഷേപിച്ചു (9:34). ഏറ്റവും ദൈവദൂഷണപരമായ ഈ പേര് അവരുടെ ശക്തമായ പുച്ഛത്തെയും തിരസ്കരണത്തെയും പ്രകടമാക്കി.

## G. ഉപദ്രവിക്കുന്നവരെ ഭയപ്പെടാതെ മേൽക്കൂരകളിന്മേൽ സ്വർഗീയ രാജ്യത്തിന്റെ ദൂത് പ്രസംഗിക്കുന്നു

ഉപദ്രവിക്കുന്നവരെ ഭയപ്പെടരുതെന്നും മറിച്ച് വെളിച്ചത്തിൽ സംസാരിക്കുവാനും മേൽക്കൂരകളിന്മേൽ പ്രസംഗിക്കുവാനും 26-ഉം 27-ഉം വാക്യങ്ങളിൽ രാജാവ് തന്റെ അയയ്ക്കപ്പെട്ടവരോടു പറഞ്ഞു. വാക്യം 28-ൽ അവൻ പറഞ്ഞു, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടരുത്; എന്നാൽ അതിലുപരി ദേഹിയെയും ദേഹത്തെയും ഗെഹന്നയിൽ നശിപ്പിക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ." ദേഹിയെയും ദേഹത്തെയും ഗെഹന്നയിൽ നശിപ്പിക്കുവാൻ കഴിയുന്നവൻ ദൈവം മാത്രമാണ്. കർത്താവ് അയച്ച അപ്പൊസ്തലന്മാർ ഉപദ്രവം

സഹിക്കുന്നതിൽ പരാജയപ്പെടുന്നുവെങ്കിൽ, അവർ ദൈവത്താൽ ശിക്ഷണവിധേയരാകുമെന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു. ഇത് ക്രിസ്തുവിന്റെ ന്യായാസനത്തിലെ ന്യായവിധിക്കുശേഷം, വിശ്വാസികൾ പ്രതിഫലമോ ശിക്ഷയോ സ്വീകരിക്കുമ്പോൾ വരുവാനുള്ള യുഗത്തിൽ സംഭവിക്കും (2 കൊരി. 5:10; വെളി. 22:12).

32-ഉം 33-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "അതിനാൽ മനുഷ്യരുടെ മുമ്പാകെ എന്നിൽ ഏറ്റുപറയുന്ന ഏവനെയും സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും അവനിൽ ഏറ്റുപറയും. എന്നാൽ ആരെങ്കിലും എന്നെ മനുഷ്യരുടെ മുമ്പാകെ നിഷേധിച്ചാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും അവനെ നിഷേധിക്കും." രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ സ്വർഗീയ രാജാവിനാൽ അയയ്ക്കപ്പെട്ട തന്റെ അപ്പൊസ്തലന്മാരോട് അവൻ സംസാരിച്ചതായിരുന്നു ഈ വാക്ക്. അവർ ഉപദ്രവിക്കപ്പെടുമെന്ന് അവൻ മുൻകൂട്ടി പറഞ്ഞു (വാ. 17, 21, 23). ഉപദ്രവത്തിൻകീഴിൽ ആരെങ്കിലും അവനെ നിഷേധിക്കുന്നുവെങ്കിൽ അവൻ അവനെ നിഷേധിക്കും. ഇത് അവന്റെ മടങ്ങിവരവിൽ സംഭവിക്കും (16:27). ആ സമയത്ത് അവനാൽ നിഷേധിക്കപ്പെടുകയോ ഏറ്റുപറയുകയോ ചെയ്യുന്നത് വരാനിരിക്കുന്ന യുഗത്തിൽ തന്റെ അപ്പൊസ്തലന്മാർ ഒരു പ്രതിഫലമായി സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ യോഗ്യരാണോ അല്ലയോ എന്നതിനെ നിർണയിക്കും. ഇവിടെ രാജാവു പറയുന്നതായി തോന്നുന്നത്, "ഈ ഉപദ്രവത്തെ നിങ്ങൾ ഭയപ്പെടുകയും ഉപദ്രവിക്കുന്നവരുടെ മുമ്പിൽ എന്റെ നാമത്തെ ഏറ്റുപറയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ഞാൻ മടങ്ങിവരികയും സഹസ്രാബ്ദം ആരംഭിക്കുകയും ചെയ്യുമ്പോൾ പിതാവിന്റെ മുമ്പിൽ നിങ്ങളുടെ നാമത്തെ ഞാൻ ഏറ്റുപറയുകയില്ല." ഇത് അർഥമാക്കുന്നത് ഇങ്ങനെയുള്ള വ്യക്തിയെ പുറത്തെ ഇരുട്ടിലേക്ക് ഇടുമെന്നും (25:30), അവൻ രാജ്യത്തിന്റെ പ്രത്യക്ഷതയിൽ പങ്കെടുക്കുകയില്ലെന്നുമാണ്.

## V. രാജാവ് കൊണ്ടുവരുന്ന അസ്വസ്ഥതയും അവനെ അനുഗമിക്കാനുള്ള ക്രൂശിന്റെ മാർഗവും

### A. സമാധാനമല്ല, വാളത്രേ ഭൂമിയിൽ കൊണ്ടുവരാൻ സ്വർഗീയ രാജാവ് വരുന്നത്

വാക്യം 34-ൽ കർത്താവു പറഞ്ഞു, "ഭൂമിയിൽ സമാധാനം വരുത്തുവാൻ ഞാൻ വന്നു എന്നു വിചാരിക്കരുത്, സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്." സർവഭൂമിയും സാത്താന്റെ അപഹരണത്തിൻകീഴിലാണ് (1 യോഹ. 5:19). അവന്റെ അപഹരണത്തിൽനിന്നും ചിലരെ വിളിച്ച് പുറത്തുകൊണ്ടുവരാൻ

സ്വർഗീയ രാജാവു വന്നു. ഇത് നിശ്ചയമായും സാത്താന്റെ എതിർപ്പിനെ ഉണർത്തി. സ്വർഗീയ രാജാവിന്റെ വിളിക്കപ്പെട്ട വർക്കെതിരെ പോരാടുവാൻ സാത്താൻ തന്റെ അപഹരണ ത്തിൻകീഴിലുള്ള ജനത്തെ പ്രേരിപ്പിച്ചു. അങ്ങനെ, രാജാവിന്റെ വരവ് സമാധാനമല്ല, വാൾ കൊണ്ടുവന്നു. സ്വർഗരാജ്യം സ്ഥാപിക്കുന്നതിനായി സ്വർഗരാജ്യവും ലോകരാജ്യവും തമ്മിലുള്ള ഒരു ഏറ്റുമുട്ടൽ ഉണ്ടായിരിക്കണം. ഈ രണ്ട് രാജ്യങ്ങൾക്ക് ഒരുമിച്ച് നിലനിൽക്കുവാൻ കഴയുകയില്ല. സ്വർഗീയ രാജാവ് തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതുകൊണ്ട് ഈ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം ഒഴിച്ചുകൂടുൻ പറ്റാത്തതാണ്.

35-ഉം 36-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "എന്തെന്നാൽ മനുഷ്യരെ ഭിന്നിപ്പിക്കുവാനത്രേ ഞാൻ വന്നത്; ഒരു മനുഷ്യനെ തന്റെ അപ്പനെതിരെയും, മകളെ അവളുടെ അമ്മയ്ക്കെതിരെയും, മരുമകളെ അവളുടെ അമ്മാവിയമ്മയ്ക്കെതിരെയും തന്നെ: ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ ഭവനക്കാരായിരിക്കും." സ്വർഗീയ രാജാവിന്റെ വിളിക്കപ്പെട്ടവർക്കെതിരെ അപഹരിക്കുന്ന സാത്താനാൽ പ്രേരിപ്പിക്കപ്പെടുന്ന പോരാട്ടം അവരുടെ ഭവനത്തിൽപോലും നടക്കുന്നു. സ്വർഗീയരായ വിളിക്കപ്പെട്ടവർ ദുഷ്ടന്റെ അപഹരിക്കുന്ന കരത്തിൽകീഴിൽ തുടരുന്ന അവരുടെ ബന്ധുക്കളാൽ അവരുടെ വീടുകളിൽ ആക്രമിക്കപ്പെടുന്നു. സ്വർഗീയ രാജാവിനാൽ ചിലർ ആകർഷിക്കപ്പെടുകയും പിടിക്കപ്പെടുകയും അവനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ചെയ്യുമ്പോൾ അവരുടെ കുടുംബത്തിലുള്ള ചിലർ അവർക്കെതിരെ പോരാടുവാൻ, അവരെ കൊല്ലുവാൻപോലും, സാത്താനാൽ പ്രേരിപ്പിക്കപ്പെട്ടേക്കാം.

തന്റെ അവിശ്വാസിയായ ഭാര്യയാൽ ഉപദ്രവിക്കപ്പെട്ട ഒരു സഹോദരനെക്കുറിച്ച് ഞാൻ നിങ്ങളോടു പറയട്ടെ. ഈ മനുഷ്യന് സർക്കാർ കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ ഒരു മികച്ച ജോലി ഉണ്ടായിരുന്നു; അവൻ സാമാന്യം ധനവാനും ആയിരുന്നു. അവൻ കർത്താവിങ്കലേക്ക് കൊണ്ടുവരപ്പെട്ടതിനുശേഷം അവന്റെ ഭാര്യ അവനെ ഉപദ്രവിക്കുവാൻ തുടങ്ങി. ഒരു രാത്രി, ഈ സഹോദരൻ ഞങ്ങളിൽ അനേകരെ തന്റെ വീട്ടിൽ ഒരു അത്താഴത്തിനായി ക്ഷണിച്ചു. അവളുടെ ഭർത്താവ് തന്നോടൊപ്പം ജോലി ചെയ്യുന്നവരെ അത്താഴത്തിനു ക്ഷണിക്കുമ്പോഴെല്ലാം അവൾ വളരെ സന്തോഷവതിയായിരിക്കുകയും ഏറ്റവും നല്ല ആഹാരം പാചകം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അവളുടെ ഭർത്താവ് ഒരു വിശ്വാസിയെന്ന നിലയിൽ സഭാജനത്തിൽ ചിലരെ അവരുടെ വീട്ടിൽ അത്താഴത്തിനായി ക്ഷണിച്ചു. ഞങ്ങളെ ക്ഷണിച്ച രാത്രിയിൽ അവൾ മനഃപൂർവം പാചകം ചെയ്തില്ല. മറിച്ച്, ബാക്കിവന്നിരുന്ന തണുത്ത ഭക്ഷണം മേശപ്പുറത്തു വച്ചു. കണ്ണുനീരോടുകൂടെ സഹോദരൻ ഞങ്ങളെ നോക്കി. ഞങ്ങൾ

ആ സഹോദരനെ നോക്കിയിട്ടു പറഞ്ഞു, "കർത്താവിന് സ്തുതി! ഈ അത്താഴം സ്വാദിഷ്ഠമാണ്. നമുക്കെല്ലാവർക്കും ഭക്ഷിക്കാം." ആ ബാക്കിവന്ന ആഹാരം ഞങ്ങൾ തിന്നുവാൻ തുടങ്ങി. ഇത് അവന്റെ ഭാര്യയുടെ ഉപദ്രവത്തിന്റെ ഒരു ഉദാഹരണമാണ്.

ഉപദ്രവം അവരെ കാത്തിരിക്കുന്നുവെന്ന് കർത്താവിനാൽ അയയ്ക്കപ്പെട്ടവർ മനസ്സിലാക്കണം. കർത്താവായ യേശു നമ്മെ ഇരുട്ടിൽ ഉപേക്ഷിക്കുന്നില്ല. മറിച്ച്, അവൻ മുഴുവൻ സാഹചര്യത്തെയും നമുക്ക് വ്യക്തമാക്കിത്തരുന്നു. യെഹൂദ രാഷ്ട്രം എതിർക്കുന്നവരെക്കൊണ്ട് നിറഞ്ഞതാണ്; അയയ്ക്കപ്പെട്ടവരുടെ ബന്ധുക്കൾപോലും എതിർക്കുവാൻ എഴുന്നേൽക്കും; അവർ സ്വർഗീയ രാജാവിന്റെ അനുയായികളെ കൊല്ലുകപോലും ചെയ്യും.

## B. സ്വർഗീയ രാജാവിനെ അനുഗമിക്കാനുള്ള മാർഗം

### *1. അവനെക്കാൾ അധികമായി ബന്ധുക്കളെ സ്നേഹിക്കരുത്*

37 മുതൽ 39 വരെയുള്ള വാക്യങ്ങളിൽ സ്വർഗീയ രാജാവിനെ അനുഗമിക്കാനുള്ള മാർഗം നമുക്കുണ്ട്. വാക്യം 37-ൽ കർത്താവു പറഞ്ഞു, "എന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ അധികമായി മകനെയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല." കർത്താവിനുവേണ്ടിയുള്ള നമ്മുടെ സ്നേഹം സമ്പൂർണ്ണമായിരിക്കണം. നമ്മുടെ സ്നേഹത്തിൽ യാതൊന്നും അവനു മുകളിലായിരിക്കരുത്. അവനാണ് നമ്മുടെ സ്നേഹത്തിന് സമ്പൂർണ്ണമായും യോഗ്യൻ; നാം അവന് യോഗ്യരായിരിക്കണം.

### *2. ക്രൂശെടുത്ത് അവനെ അനുഗമിക്കുന്നു*

തുടർന്ന് വാക്യം 38 പറയുന്നു, "തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല." പിതാവിന്റെ ഹിതം എടുത്തതിലൂടെ ക്രിസ്തു ക്രൂശിക്കപ്പെട്ടു (26:39, 42). അവൻ സ്നാനപ്പെട്ടപ്പോൾ അവൻ ക്രൂശിക്കപ്പെട്ടവനായി എണ്ണപ്പെടുകയും, ആ സമയം മുതൽ ദൈവഹിതം ചെയ്യുവാനായി അവൻ തന്റെ ക്രൂശു വഹിക്കുകയും ചെയ്തു. അവന്റെ വിളിക്കപ്പെട്ടവർ അവനോട് ഏകീഭവിച്ചിരുന്നു. തങ്ങളുടെ ക്രൂശെടുത്ത് അവനെ അനുഗമിക്കുവാൻ, അതായത്, തങ്ങളെത്തന്നെ മാറ്റിവച്ചുകൊണ്ട് ദൈവഹിതം എടുക്കുവാൻ അവൻ അവരോട് ആവശ്യപ്പെട്ടു. അവർ അവന് യോഗ്യരായിരിക്കത്തക്കവണ്ണം എന്തു വിലകൊടുത്തും അവർ തങ്ങളുടെ സ്നേഹം ആദ്യം അവനു കൊടുക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു.

### *3. അവന്റെ നിമിത്തം ദേഹി-ജീവനെ നഷ്ടപ്പെടുത്തുന്നു*

വാക്യം 39 പറയുന്നു, "തന്റെ ദേഹി-ജീവനെ കണ്ടെത്തുന്നവൻ

അതിനെ നഷ്ടമാക്കും; എന്റെ നിമിത്തം തന്റെ ദേഹി-ജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും." ദേഹി-ജീവനെ കണ്ടെത്തുന്നത് ദേഹിക്ക് അതിന്റെ ആസ്വാദനം ഉണ്ടായിരിക്കുവാൻ അനുവദിക്കുന്നതും കഷ്ടം സഹിക്കാതിരിക്കുന്നതുമാണ്. ദേഹി-ജീവനെ നഷ്ടപ്പെടുത്തുന്നത് ദേഹിയെ അതിന്റെ ആസ്വാദനത്തിന്റെ നഷ്ടം സഹിക്കുവാൻ ഇടയാക്കുന്നതാണ്. സ്വർഗീയ രാജാവിന്റെ അനുയായികൾ ഈ യുഗത്തിൽ അവരുടെ ദേഹിയെ അതിന്റെ ആസ്വാദനം ഉണ്ടായിരിക്കുവാൻ അനുവദിക്കുന്നുവെങ്കിൽ, വരാനിരിക്കുന്ന രാജ്യയുഗത്തിൽ അവരുടെ ദേഹിയെ അതിന്റെ ആസ്വാദനത്തിന്റെ നഷ്ടം സഹിക്കുവാൻ അവർ ഇടയാക്കും. രാജാവു നിമിത്തം ഈ യുഗത്തിൽ തങ്ങളുടെ ദേഹിയെ അതിന്റെ ആസ്വാദനത്തിന്റെ നഷ്ടം സഹിക്കുവാൻ അവർ അനുവദിക്കുന്നുവെങ്കിൽ, വരാനിരിക്കുന്ന രാജ്യയുഗത്തിൽ, അതായത്, ഭൂമിയുടെമേൽ ഭരണം നടത്തുന്നതിൽ രാജാവിന്റെ സന്തോഷത്തിൽ പങ്കുകൊള്ളുന്നതിന്, തങ്ങളുടെ ദേഹിക്ക് അതിന്റെ ആസ്വാദനം ഉണ്ടായിരിക്കുവാൻ അവർ ഇടയാക്കും (25:21, 23).

## VI. രാജാവുമായുള്ള ഏകീഭാവം

### A. സ്വർഗീയ രാജാവിന്റെ അപ്പൊസ്തലന്മാരെ സ്വീകരിക്കുന്നവർ അവനെ സ്വീകരിക്കുന്നു

10:40—11:1-ൽ നമുക്ക് രാജാവുമായുള്ള ഏകീഭാവത്തിന്റെ വിഷയമുണ്ട്. വാക്യം 40 പറയുന്നു, "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു, എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു." സ്വർഗീയ രാജാവിനാൽ അയയ്ക്കപ്പെട്ട അപ്പൊസ്തലന്മാർ അവന്റെ അധികാരത്താലും (വാ. 1) സമാധാനത്താലും (വാ. 13) ഭരമേല്പിക്കപ്പെടുകയും, പിതാവിന്റെ ആത്മാവിനാൽ അധിവസിക്കപ്പെടുകയും (വാ. 20), തന്റെ കഷ്ടത്തിലും (വാ. 22, 24-25) മരണത്തിലും (വാ. 21, 34-39), രാജാവിനോടുകൂടെ ഏകീഭവിക്കുകയും ചെയ്തതിനാൽ അവനുമായി ഒന്നായിരുന്നു. അങ്ങനെ, അവരെ സ്വീകരിക്കുന്നവൻ അവനെ സ്വീകരിക്കുന്നു. സ്വർഗീയ രാജാവുമായി ഇങ്ങനെയുള്ള ഒരു ഏകീകരണത്തിൽ പങ്കെടുക്കുന്നതിന് 37 മുതൽ 39 വരെയുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ എന്തു വില കൊടുത്തും എല്ലാറ്റിനുമുപരി അവനെ സ്നേഹിക്കുവാനും, ക്രൂശിന്റെ ഇടുങ്ങിയ വഴി എടുത്തുകൊണ്ട് അവനെ അനുഗമിക്കുവാനും നമ്മോട് ആവശ്യപ്പെടുന്നു. അയയ്ക്കപ്പെട്ടവർക്ക് അധികാരവും, സമാധാനവും, പിതാവിന്റെ ആത്മാവും ഉണ്ടെന്നു മാത്രമല്ല, അവർ രാജാവുമായി ഒന്നായിരിക്കുകയും അവനുമായി ഏകീഭവിക്കുകയും

ചെയ്തിരിക്കുന്നു. അയയ്ക്കപ്പെട്ടവർ രാജാവുമായി ഏകീഭവിച്ചവരാ യതുകൊണ്ട്, രാജാവിന്റെ അയയ്ക്കപ്പെട്ടവരെ സ്വീകരിക്കുന്നത് രാജാവിനെത്തന്നെ സ്വീകരിക്കുന്നതാണ്. ഇത് അയയ്ക്കപ്പെട്ടവർ ക്കുള്ള ഒരു പ്രോത്സാഹനമാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നമുക്ക് അധികാരവും, സമാധാനവും, ആത്മാവും, രാജാവുമായുള്ള ഏകീകരണവും ഉണ്ട്. നാം അവനുമായി ഒന്നാണ്. നമ്മെ സ്വീകരിക്കുന്നവൻ രാജാവിനെ സ്വീകരിക്കുകയും, നമ്മെ തിരസ്ക രിക്കുന്നവൻ രാജാവിനെ തിരസ്കരിക്കുകയും ചെയ്യുന്നു. ഇത് ഒരു അപ്രധാനമായ കാര്യമല്ല. ഇത് വളരെ ഗൗരവമുള്ളതാണ്. നമുക്ക് അധികാരവും, സമാധാനവും, ആത്മാവും, ഏകീകരണവും ഉണ്ടെന്ന ഉറപ്പ് നമുക്കെല്ലാവർക്കും ഉണ്ടായിരിക്കണം. ഇതെല്ലാം രാജാവിന്റെ ശുശ്രൂഷയുടെ വ്യാപനത്തിനു വേണ്ടിയാണ്. രാജാവ് ഇന്നും തന്റെ ശുശ്രൂഷ വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു: നാം അവന്റെ അധികാരത്തോടും, സമാധാനത്തോടും, ആത്മാവോടും, ഏകീകരണത്തോടുംകൂടെ അവനാൽ അയയ്ക്കപ്പെട്ടവരാണ്.

## B. ഒരു പ്രവാചകനെയോ ഒരു നീതിമാനെയോ സ്വീകരിക്കുന്നതിന്റെ പ്രതിഫലം

വാക്യം 41 പറയുന്നു, "ഒരു പ്രവാചകനെ പ്രവാചകന്റെ നാമത്തിൽ സ്വീകരിക്കുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും, ഒരു നീതിമാനെ നീതിമാന്റെ നാമത്തിൽ സ്വീകരിക്കുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും." ദൈവത്തിനുവേണ്ടി സംസാരിക്കുകയും ദൈവത്തെ വെളിവാക്കി സംസാരിക്കുകയും ചെയ്യുന്നവനാണ് ഒരു പ്രവാചകൻ. ഒരു നീതിമാൻ, നീതി അന്വേഷിക്കുകയും, നീതി പ്രവർത്തിക്കുകയും, രാജ്യത്തിനുവേണ്ടി നീതിനിമിത്തം ഉപദ്രവിക്കപ്പെടുകയും ചെയ്യുന്നവനാണ് (5:6, 10, 20; 6:1). സ്വർഗീയ രാജാവ് ദൈവത്താൽ അയയ്ക്കപ്പെട്ട അങ്ങനെയുള്ള ഒരു പ്രവാചകനും (ആവ. 18:15) അങ്ങനെയുള്ള ഒരു നീതിമാനും ആയിരുന്നു (പ്രവൃ. 3:14). അവനുമായി ഏകീഭവിച്ചിരിക്കു ന്നതിനാൽ അവനാൽ അയയ്ക്കപ്പെട്ട അവന്റെ അപ്പൊസ്തലന്മാരും അങ്ങനെയുള്ള പ്രവാചകന്മാരും നീതിമാന്മാരും ആയിരുന്നു. തന്മൂലം, അവരെ സ്വീകരിക്കുന്നവർ ഒരു പ്രതിഫലം സ്വീകരിക്കും. പ്രവാചകനെ സ്വീകരിക്കുന്ന ഒരുവൻ പ്രവാചകന്റെ വാക്കിനോട് ചേരുകയും, ഒരു നീതിമാനെ സ്വീകരിക്കുന്ന ഒരുവൻ നീതിമാന്റെ നീതിയോടു ചേരുകയും ചെയ്യുന്നു. അങ്ങനെ, അങ്ങനെയുള്ള ഒരുവന് ഒരു പ്രവാചകന്റെയും നീതിമാന്റെയും പ്രതിഫലം ലഭിക്കും.

രാജാവിന്റെ അയയ്ക്കപ്പെട്ടവർ പ്രവാചകന്മാരായും നീതിമാന്മാരായും പുറപ്പെട്ടു പോകുന്നു. പ്രവാചകൻ എപ്പോഴും ദൈവത്തിന്റെ വചനവുമായി വരുകയും, നീതിമാൻ എപ്പോഴും നീതിയുമയി വരുകയും ചെയ്യുന്നു. നിങ്ങൾ പ്രവാചകനെ

സ്വീകരിക്കുന്നുവെങ്കിൽ, നിങ്ങൾ ദൈവവചനം സ്വീകരിക്കും: നിങ്ങൾ നീതിമാനെ സ്വീകരിക്കുന്നുവെങ്കിൽ, നിങ്ങൾ അവന്റെ നീതി സ്വീകരിക്കും. ദൈവവചനവും നീതിയും ഉണ്ടായിരിക്കുന്നത് എത്ര നല്ലതി! ഇന്ന് നമ്മെ രാജ്യത്തിന്റെ യാഥാർഥ്യത്തിലേക്കും ഭാവിയിൽ രാജ്യത്തിന്റെ പ്രത്യക്ഷതയിലേക്കും ആനയിക്കുവാൻ ഇത് സഹായിക്കും.

### C. ഒരു ചെറിയ ശിഷ്യന് ഒരു പാനപാത്രം തണുത്ത വെള്ളം കൊടുക്കുന്നവൻ സ്വീകരിക്കുന്ന പ്രതിഫലം

വാക്യം 42 പറയുന്നു, "ഒരു ശിഷ്യന്റെ നാമത്തിൽ ഈ ചെറിയവരിൽ ഒരുവന് ഒരു പാനപാത്രം തണുത്തവെള്ളം മാത്രം കുടിക്കാൻ കൊടുക്കുന്നവന് ഒരുവിധത്തിലും അവന്റെ പ്രതിഫലം നഷ്ടമാകുകയില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." ഈ പ്രതിഫലം വരാനിരിക്കുന്ന രാജ്യത്തിൽ നൽകപ്പെടും (ലൂക്കൊ. 14:14).

## VII. ഉപദേശിക്കുവാനും പ്രസംഗിക്കുവാനും സ്വർഗീയ രാജാവ് പട്ടണങ്ങളിലേക്കു പോകുന്നു

മത്തായി 11:1 പറയുന്നു, "യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാർക്ക് നിർദ്ദേശങ്ങൾ കൊടുത്തുതീർന്നപ്പോൾ, അവരുടെ പട്ടണങ്ങളിൽ ഉപദേശിക്കുവാനും പ്രസംഗിക്കുവാനും അവൻ അവിടെനിന്ന് പിൻവാങ്ങി." കർത്താവ് പന്ത്രണ്ടുപേരെ നിയമിക്കുകയും, രാജ്യത്തിന്റെ സുവിശേഷം വ്യാപിപ്പിക്കുവാൻ അവരെ അയയ്ക്കുകയും ചെയ്തശേഷം, പട്ടണങ്ങളിൽ ഉപദേശിക്കുവാനും പ്രസംഗിക്കുവാനും അവൻതന്നെ തന്റെ ശുശ്രൂഷയിൽ മുന്നോട്ടുപോയി.